വേങ്ങര ഗ്രാമപഞ്ചായത്ത് വിഭജിക്കാൻ നടപടി

124 (2181)ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് വില്ലേജുകൾ ഉൾക്കൊള്ളുന്ന പഞ്ചായത്തുകൾ രണ്ടായി വിഭജിക്കണമെന്ന സെൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ വേങ്ങര വില്ലേജും കണ്ണമംഗലം വില്ലേജും ഉൾക്കൊള്ളുന്ന സംസ്ഥാനത്തെ തന്നെ ജനസാന്ദ്രത കൂടിയ ഏറ്റവും വലിയ പഞ്ചായത്തായ വേങ്ങര ഗ്രാമപഞ്ചായത്ത് വിഭജിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ് സർക്കാർ വേങ്ങര ഗ്രാമപഞ്ചായത്ത് വിഭജിക്കാൻ തീരുമാനിക്കുകയും എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ലിലേക്ക് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ തീരുമാനം മാറ്റിവ യ്ക്കുകയും ചെയ്തതായി ഈ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അടുത്ത ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിനു മുൻപായി വേങ്ങര പഞ്ചായത്ത് വിഭജനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സെൻ കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല. എന്നാൽ വേങ്ങര പഞ്ചായത്ത് വിഭജിക്കുന്ന കാര്യം പരിഗണിച്ചുവരുന്നുണ്ട്.

(ബി) ഇല്ല.

(സി) പരിഗണിച്ചു വരുന്നു.

തോപ്പയിൽ ചേരിപ്രദേശം പരിഷ്ക്കരിക്കുന്നതിന് പദ്ധതി

125 (2182) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിലെ തോപ്പയിൽ ചേരിപ്രദേശം പരിഷ്ക്കരിക്കുന്നതിനായി ഹഡ്കോയുടെ സഹായത്തോടെ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വിശ ദമാക്കാമോ;

(സി) എത്ര രൂപയാണ് ഈ പദ്ധതിക്കായി വിനിയോഗിക്കുവാൻ ഉദ്ദേ ശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ്, ഫുട്പാത്ത് നിർമ്മാണം, ഗുഹ പുനരുദ്ധാരണം, സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കൽ, വൈദ്യുതീകരണം, കളിസ്ഥല നിർമ്മാണം, ഓപ്പൺ സ്റ്റേജ് നിർമ്മാണം തുടങ്ങിയ പ്രവൃത്തികളാണ് ഈ പദ്ധതിയിൻ കീഴിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഈ പദ്ധതിക്കായി 63 ലക്ഷം രൂപ വിനിയോഗിക്കാൻ ഉദ്ദേശി ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly